(ബി) ഇല്ലെങ്കിൽ ഇവ നിശ്ചയിച്ച തീയതികളിൽ തന്നെ സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ലഭിക്കുന്നുണ്ട്.

സഹകരണ സർവ്വീസ് ബാങ്കുകളിലെ നിയമനം

131 (299) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സർവ്വീസ് ബാങ്കുകളിൽ പി.എസ്.സി മുഖേനയോ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ മാത്രമേ നിയമനം നടത്താവൂയെന്ന ഹൈക്കോടതി വിധി വന്നതിനുശേഷം ഇത്തരം ബാങ്കുകളിൽ പ്രസ്തുത വിധി ലംഘിച്ചു നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പ്രസ്തുത ബാങ്കിൽ വേണ്ട ജീവനക്കാരെ ഹൈക്കോടതി വിധിയനുസരിച്ച് മാത്രം നിയമിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി വഴി നിയമനം നടത്തണമെന്ന് വിധിയില്ല. സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ സാഹചര്യം അനിവാര്യമാണെങ്കിൽ മാത്രം രജിസ്ട്രാരുടെ മുൻ അനുവാദത്തോടെ ഐ.എം.ജി.യോ അതുപോലുള്ള സർക്കാർ ഏജൻസിയെ കൊണ്ടോ പരീക്ഷ നടത്തി നിയമനം നടത്തണം എന്ന വിധിയാണ് ഉള്ളത്. ഈ വിധിക്ക് വിപരീതമായി ചില പ്രാഥമിക സഹകരണ ബാങ്കുകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

പന്തളം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിലെ അഴിമതി

132 (300) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം എം.എ.268-ന്റെ പ്രസിഡന്റിന്റെ പേരിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly